# Desabhimani
# 27 July 2018
# Alappuzha, Kottayam, Flood Affected Districts



## ആലപ്പുഴ, കോട്ടയം ജില്ലകൾ വെള്ളപ്പൊക്കബാധിതം

**തിരുവനന്തപുരം**

ആലപ്പുഴയെയും കോട്ടയത്തെയും വെള്ളപ്പൊക്കബാധിത ജില്ലകളായി പ്രഖ്യാപിക്കാൻ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി തീരുമാനിച്ചു. ഈ ജില്ലകളിലെ കർഷകർക്ക് വിള ഇൻഷുറൻസ് ലഭിക്കാൻ അർഹതയുണ്ട്. വെള്ളപ്പൊക്കക്കെടുതി നേരിടാൻ ആലപ്പുഴ ജില്ലയ്ക്ക് 2.44 കോടി രൂപ അനുവദിച്ചു. ഇതിൽ 1.69 കോടി രൂപ ബണ്ടുകൾ പുനർനിർമിക്കാനും വെള്ളക്കെട്ട് ഒഴിവാക്കാനുമാണ്. ഈ പ്രവൃത്തിക്ക് പാടശേഖര സമിതികളെ ചുമതലപ്പെടുത്തും. കോട്ടയം, ആലപ്പുഴ ജില്ലകളിലൂടെ കടന്നുപോകുന്ന എസി റോഡിന്റെ അറ്റകുറ്റപ്പണിക്ക് 35 ലക്ഷം രൂപയും അനുവദിച്ചു.